**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5863** **08-07-2024 - ൽ മറുപടിയ്ക്ക്**

**അപമാനിക്കുകയും ജാതി പേര് വിളിച്ച് ആക്ഷേപിക്കുകയും ചെയ്തുവെന്ന പരാതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ പുളിക്കൽ ഗ്രാമപഞ്ചായത്തിൽ പട്ടികജാതി സമുദായത്തിൽപെട്ട വിദ്യാർത്ഥിനിക്ക് അനുവദിച്ച ലാപ്ടോപ്പ് വാങ്ങാൻ ചെന്നപ്പോൾ പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി അപമാനിക്കുകയും ജാതി പേര് വിളിച്ച് ആക്ഷേപിക്കുകയും ചെയ്തുവെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിലെ വിശദാംശങ്ങളും ഇതിൽ ഉന്നതതല അന്വേഷണം നടത്തുമോയെന്നും വ്യക്തമാക്കുമോ; | (എ) | രേഖാമൂലം പരാതി ലഭിച്ചിട്ടില്ല. എന്നാൽ ഫോൺ മുഖേന മലപ്പുറം തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ പരാതി ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>പുളിക്കൽ ഗ്രാമ പഞ്ചായത്തിലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട അർഹരായ 36 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യാൻ തീരുമാനിച്ചിരുന്നതിൻ പ്രകാരം ഇതിനായി മതിയായ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ലാത്ത വിദ്യാർത്ഥികളോടും, വാർഡ് മെമ്പർമാരോടും കാസ്റ്റ് സർട്ടിഫിക്കറ്റ് അടക്കമുള്ള അസ്സൽ രേഖകൾ വിതരണത്തിന് മുമ്പ് തന്നെ സമർപ്പിക്കാൻ നിർദേശിച്ചിരുന്നു എന്നും എന്നാൽ, അന്നേ ദിവസം ലാപ്ടോപ്പ് വാങ്ങാനെത്തിയ വാർഡ് 15-ൽ താമസിക്കുന്ന വിൻസി പി., D/O വാസു, ചോയക്കാട് ഹൗസ്, ആന്തിയൂർകുന്ന് പി.ഒ എന്ന വിദ്യാർത്ഥിനി കാസ്റ്റ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് മാത്രമാണ് സമർപ്പിച്ചിരുന്നത് എന്നും ഒറിജിനൽ സർട്ടിഫിക്കറ്റ് കൊണ്ടുവരുമ്പോൾ ലാപ്ടോപ്പ് നൽകാമെന്ന് അസിസ്റ്റന്റ് സെക്രട്ടറി അറിയിക്കുകയുണ്ടായി എന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>24/06/2024 ന് ഉച്ചയ്ക്ക് ശേഷം ഈ വിദ്യാർത്ഥിനിയും മാതാവും പുളിക്കൽ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ എത്തി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിൽ നിന്നും ലാപ്ടോപ്പ് ഏറ്റുവാങ്ങിയിട്ടുണ്ട് എന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിദ്യാർത്ഥിനിക്ക് ലാപ്ടോപ്പ് നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | ‘B’ യിലെ മറുപടി ‘A’ യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ